**മൂന്നാർ വീണ്ടും വാർത്തകളിൽ നിറയുകയാണ്. വർഷങ്ങൾക്ക് മുമ്പ് മൂന്നാറിലെ കയ്യേറ്റങ്ങൾ ഒഴിപ്പിക്കാൻ ഇരമ്പി യെത്തിയ മണ്ണുമാന്തികൾ വിവാദങ്ങളിൽ തട്ടി നിലച്ചുപോയ കഥ കേരളം മറന്നിട്ടില്ല. ഇപ്പോൾ വീണ്ടും മൂന്നാറിൽ തൊട്ടതോടെ അതേ വാഗ്വാദങ്ങളും അതിന് പിന്നിലുള്ള ശക്തികളും ഒരിക്കൽക്കൂടി പ്രവർത്തനനിരത രായിരിക്കുന്നു. നിയമം മൂന്നാറിന്റെ വഴിക്ക് വരരുതെന്ന് ശഠിക്കുന്നവർ വീണ്ടും വിജയിക്കുന്നു. ഈ വിഷമഘട്ടത്തെ എങ്ങനെയാണ് മറികടക്കേണ്ടത്? ഒരാലോചന**

# മൂന്നാർ കയ്യേറ്റങ്ങൾ: നയം, നിയമം, നിലപാട്

നിയമവിരുദ്ധ പ്രവർത്തനങ്ങൾക്ക് നിയമസാധുത നൽകുന്ന ചെറുതും വലുതുമായ ഇടപെടലുകളാണ് മൂന്നാറിൽ വർഷങ്ങളായി നടക്കുന്നത്. ഇത്തരം ഇടപെടലുകളുടെ ഫലമായി മൂന്ന് നദികളുടെ സംഗമ സ്ഥാനമായ ഈ ഭൂപ്രദേശം ഇന്ന് മരണക്കിടക്കയി ലാണ്. സർക്കാർ തലത്തിൽ നടക്കുന്ന ഓപ്പറേഷനുക ളൊന്നും ഫലിക്കാത്ത വിധം സങ്കീർണ്ണമായിരിക്കുക യാണ് മൂന്നാറിലെ രാഷ്ട്രീയ-സാമൂഹിക ബന്ധങ്ങൾ. ഇനി എന്താണ് പരിഹാരം? ഈ വിഷയത്തിൽ ജനകീയ പ്രസ്ഥാനങ്ങളുടെ ദേശീയ സഖ്യം (എൻ.എ.പി.എം) മുൻകൈയെടുത്ത് സംഘടിപ്പിച്ച ചർച്ചയിൽ ഉയർന്നു വന്ന പ്രധാന നിർദ്ദേശങ്ങൾ...

പങ്കെടുത്തത്:

**ടോണി തോമസ്, അഡ്വ. ഹരീഷ് വാസുദേവ്, പ്രൊഫ. ഇ. കുഞ്ഞികൃഷ്ണൻ, എസ്.പി. രവി, ജിയോ ജോസ്, പ്രൊഫ. കുസുമം ജോസഫ്...**

**ടോണി തോമസ്:** അനധികൃത കയ്യേറ്റങ്ങൾക്ക് പ ട്ടയം കൊടുക്കുന്ന സമ്പ്രദായം തൊണ്ണൂറുകൾക്ക് ശേ ഷം മൂന്നാറിൽ വ്യാപകമായി നടക്കുന്നുണ്ട്. എൽ.സി. പട്ടയം എന്ന വാക്ക് നമ്മൾ ഇന്ന് ഏറെ കേൾക്കാറു ണ്ട്. വളരെ വിചിത്രമായ ഒരു കാര്യമാണിത്. എൽ.സി എന്നത് ലാൻഡ് കൺസർവൻസി ആക്ടിന്റെ ചുരുക്ക മാണ്. ശരിക്കും സർക്കാർ ഭൂമിയിലെ അനധികൃത ക യ്യേറ്റങ്ങൾ ഒഴിപ്പിക്കുന്നതിനും ഭൂമി തിരിച്ചുപിടിക്കുന്ന തിനും വേണ്ടി രൂപപ്പെടുത്തിയ നിയമമാണിത്. എ ന്നാൽ മൂന്നാറിൽ ഇത് എൽ.സി പട്ടയം ആയി മാറി യിരിക്കുകയാണ്. 1961ലെ ലാൻഡ് അസൈൻമെന്റ് ആക്ടിലെ വ്യവസ്ഥകൾ ഉപയോഗിച്ച് കയ്യേറ്റ ഭൂമിക്ക് പട്ടയം നേടിയെടുക്കുകയാണ് ഇവിടെ ചെയ്യുന്നത്. ലാൻഡ് അസൈൻമെന്റ് ആക്ട് പ്രകാരം ഒരു വ്യ ക്തിക്ക് അയാളുടെ പേരിൽ വേറെ ഭൂമിയില്ലെങ്കിൽ നി യമത്തിലെ വ്യവസ്ഥകൾക്കനുസരിച്ച് അയാൾക്ക് ആ ഭൂമി പതിച്ചുനൽകാം എന്ന് പറയുന്നുണ്ട്. ഈ പഴുത് ഉപയോഗിച്ച് ഉദ്യോഗസ്ഥരുമായുള്ള അവിശുദ്ധ ബന്ധ ത്തിലൂടെ മൂന്നാറിൽ ഒരുപാട് കയ്യേറ്റക്കാർ പട്ടയം നേടിയെടുത്തു. മൂന്നാറിലെ പട്ടയങ്ങൾക്ക് പല പേരു വരാനുള്ള കാരണവും അതാണ്. മൂന്നാറിനെ സംബ ന്ധിച്ച് കളക്ടർ/സബ് കളക്ടർ ആണ് പട്ടയം നൽകു ന്നതിനുള്ള അധികാരി. ഈ വ്യവസ്ഥ മറികടന്നുകൊ ണ്ടാണ് തഹസീൽദാർമാർ അനധികൃതമായി പട്ടയം നൽകിയിരിക്കുന്നത്. അങ്ങനെ ഉദ്യോഗസ്ഥർ കൊടു ത്ത പട്ടയമാണ് രവീന്ദ്രൻ പട്ടയം, അമ്മിണി പട്ടയം, വൃന്ദാവൻ പട്ടയം എന്നുള്ള പേരുകളിൽ അറിയപ്പെടു ന്നത്. ഈ രീതിയിൽ നിയമവിരുദ്ധമായ ഭൂമി കയ്യേറ്റ ങ്ങളെ നിയമവിധേയമാക്കുന്ന പണിയാണ് റവന്യൂ ഉ ദ്യോഗസ്ഥർ നാളുകളായി മൂന്നാറിൽ ചെയ്തുകൊ ണ്ടിരിക്കുന്നത്.

മൂന്നാർ വനം ഡിവിഷന്റെ ഭാഗമായ കാർഡമം ഹിൽ റിസർവിലെ (ഏലമലക്കാട്) കയ്യേറ്റങ്ങളുടെ കാര്യത്തിൽ 'ഒരേ ഭൂമി ഒരേ ജീവൻ' 2004ൽ തന്നെ സുപ്രീംകോടതി എംപവേർഡ് കമ്മിറ്റിക്ക് പരാതി നൽകിയതാണ്. അതനുസരിച്ച് കമ്മിറ്റി സ്ഥലം സന്ദർ ശിക്കുകയും സി.എച്ച്.ആറിലെ കയ്യേറ്റങ്ങൾക്കെതിരാ യി സുപ്രീം കോടതിയിൽ കേസ് ഫയൽ ചെയ്യുകയും ചെയ്തിട്ടുണ്ട്. ഏലമലക്കാടുകൾ വനഭൂമി തന്നെയാ ണെന്ന് കമ്മിറ്റി വ്യക്തമാക്കുന്നുണ്ട്. 1980 ലെ വനസം രക്ഷണ നിയമത്തിന്റെ ലംഘനങ്ങൾ കണ്ടെത്തുന്നതി നും നിയമനടപടികൾ നിർദ്ദേശിക്കുന്നതിനും വേണ്ടി



യാണ് 2002ൽ സുപ്രീംകോടതി ഒരു സെൻട്രൽ എംപവേർഡ് കമ്മിറ്റിയെ നിയോഗിക്കുന്നത്. വനം-പരിസ്ഥിതി മന്ത്രാലയത്തിന്റെ സെക്രട്ടറിയായിരുന്ന പി.വി. ജയകൃഷ്ണൻ ആയിരുന്നു അതിന്റെ ചെയർമാൻ. വനം-വന്യജീവി കേസുകളിലെ സുപ്രീംകോടതിയുടെ സ്ഥിരം അമികസ് ക്യൂറിയായും ഈ കമ്മിറ്റി പരിഗണിക്കപ്പെടുന്നുണ്ട്. സുപ്രീംകോടതിയിൽ നേരിട്ട് കേസിന് പോകുന്നതിന് പകരം നിയമേതര പ്രവർത്തനങ്ങൾ ചൂണ്ടിക്കാണിച്ച് നമുക്ക് എംപവേർഡ് കമ്മിറ്റിക്ക് പരാതി നൽകാം. അവർ അക്കാര്യം അന്വേഷിച്ച് സുപ്രീംകോടതിക്ക് റിപ്പോർട്ട് സമർപ്പിക്കും. ആ കേസ് സുപ്രീംകോടതിയിൽ പിന്നീട് നമ്മൾ തന്നെ വാദിക്കേണ്ടിവരും. എംപവേർഡ് കമ്മിറ്റി ഇടുക്കിയിൽ തെളിവെടുപ്പിന് വന്നപ്പോൾ ഞാൻ അവരോടൊപ്പം സഞ്ചരിച്ചിരുന്നു. കുമിളിയിലെ പച്ചക്കാട് എസ്റ്റേറ്റിലായിരുന്നു അവർ ആദ്യം പോയത്. പെരിയാർ ടൈഗർ റിസർവിനുള്ളിലുള്ള ഏക സ്വകാര്യ എസ്റ്റേറ്റാണിത്. ഇത് ഏറ്റെടുക്കണമെന്ന് പലതവണ പരാതിപ്പെട്ടിട്ടും വനംവകുപ്പിന് അതിന് കഴിഞ്ഞിട്ടില്ല. അവിടെ നിന്നും തുടങ്ങിയ എംപവേർഡ് കമ്മിറ്റി പിന്നെ സി.എച്ച്.ആറിലും കെ.ഡി.എച്ച് വില്ലേജിലുമുള്ള കയ്യേറ്റങ്ങൾ നേരിൽ സന്ദർശിച്ച് വിലയിരുത്തി. ഈ കയ്യേറ്റങ്ങൾ ഒഴിപ്പിക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ടുള്ള റിപ്പോർട്ടാണ് അവർ സുപ്രീംകോടതിയിൽ സമർപ്പിച്ചിരിക്കുന്നത്. കേസ് പെൻഡിംഗിലാണ്. ഏലമലക്കാടുകളുടെ സ്റ്റാറ്റസ് ഫോറസ്റ്റിൽ നിന്നും റവന്യൂഭൂമി എന്നാക്കി മാറ്റിക്കൊണ്ട് കയ്യേറ്റങ്ങളെ നിയമവിധേയമാക്കുന്നതിനുള്ള ഊർജ്ജിതമായ ശ്രമമാണ് സർക്കാർ ഇപ്പോൾ നടത്തുന്നത്.

തിരുവിതാംകൂർ രാജാവ് ഏലമലക്കാടുകൾ എന്ന് വിളിക്കുന്ന 334 ച.മൈൽ (2,13,720 ഏക്കർ) സ്ഥലം റിസർവ് ഫോറസ്റ്റാക്കി തന്നെയാണ് നിലനിർത്തിയിരുന്നത്. 1897ലെ രാജവിളംബരത്തിൽ 'റിസർവ്ഡ് ആസ് ഫോറസ്റ്റ്' എന്ന് വ്യക്തമായി പറഞ്ഞിട്ടുണ്ട്. അതിനുശേഷമാണ് ഏലം കൃഷിക്ക് മാത്രമായി ഈ സ്ഥലം പാട്ടത്തിന് കൊടുക്കുന്നത്. കേരള സംസ്ഥാന രൂപീകരണത്തിന് ശേഷവും അത് തുടർന്നു. 1980ൽ വനസംരക്ഷണ നിയമം നിലവിൽവന്നതോടെയാണ് ഈ സ്ഥലത്ത് പട്ടയം കൊടുക്കാൻ കഴിയാതെയായത്. 01.01.1977ന് മുമ്പ് കുടിയേറിയവർക്ക് കേന്ദ്രത്തിന്റെ പ്രത്യേക അനുമതിയോടെ പട്ടയം നൽകാൻ കേരള സർക്കാർ പിന്നീട് നിയമമുണ്ടാക്കി. അതുപ്രകാരം ഏലമലക്കാടുകളിൽ ഏകദേശം 23,000 ഹെക്ടർ സ്ഥലത്ത് പട്ടയം നൽകുന്നതിന് തീരുമാനമായി. പട്ടയം വ്യവസ്ഥയിൽ താമസിക്കുന്നതിനുള്ള വീട്, കൃഷി, ചെറിയ കടകൾ എന്നിവ മാത്രമേ പാടുള്ളൂ എന്ന് പ്രത്യേകം പറഞ്ഞിട്ടുണ്ട്. കർശനമായ അത്തരം വ്യവസ്ഥകളോടെയാണ് പട്ടയം നൽകിയിരുന്നതെങ്കിലും അതിനെയെല്ലാം മറികടന്ന് വലിയ റിസോർട്ടുകൾ ഈ മേഖലയിൽ വ്യാപകമായി

ക്കൊണ്ടിരിക്കുകയാണ്.

**അഡ്വ. ഹരീഷ് വാസുദേവ്:** ഇപ്പോൾ നടക്കുന്ന ചർച്ചകൾ കെ.ഡി.എച്ച് വില്ലേജിനെ മാത്രമാണ് മൂന്നാറായി കാണുന്നത്. മൂന്നാർ ഫോറസ്റ്റ് ഡിവിഷനെയും മൂന്നർ വൈൽഡ് ലൈഫ് ഡിവിഷനെയും മൂന്നാറായി പരിഗണിച്ചുകൊണ്ടുള്ള ചർച്ചയാണ് ശരിക്കും വേണ്ടത്. മൂന്നാർ വൈൽഡ്‌ലൈഫ് ഡിവിഷൻ എന്നു പറയുമ്പോൾ ഇരവികുളം നാഷണൽ പാർക്ക്, ചിന്നാർ വൈൽഡ് ലൈഫ് സാങ്ചറി, പാമ്പാടുംഷോല നാഷണൽ പാർക്ക്, മതികെട്ടാൻചോല നാഷണൽ പാർക്ക്, ആനമുടിചോല നാഷണൽപാർക്ക് എന്നിവയെല്ലാം ഉൾപ്പെടും. മൂന്നാർ ഫോറസ്റ്റ് ഡിവിഷൻ എന്ന് പറയുമ്പോൾ അടിമാലിയിൽ നിന്നും മൂന്നാറിലേക്ക് കയറുന്ന ഭാഗം മുതൽ ദേവികുളത്ത് നിന്നും ഇറങ്ങി പെരിയാർ ടൈഗർ റിസർവ് തുടങ്ങുന്നതിന്റെ അതിരുവരെ വരും. ചിന്നക്കനാൽ, ബൈസൺവാലി, പൂപ്പാറ, ശാന്തൻപാറ, ആനയിറങ്കൽ തുടങ്ങിയ പാരിസ്ഥിതിക പ്രാധാന്യമുള്ള സ്ഥലങ്ങളെല്ലാം മൂന്നാർ ഫോറസ്റ്റ് ഡിവിഷന്റെ ഭാഗമാണ്. ഇതെല്ലാം പരിഗണിക്കാതെ മൂന്നാർ ടൗണിനെയും കെ.ഡി.എച്ച് വില്ലേജിനെയും മാത്രം മൂന്നാറായി കണ്ടുകൊണ്ടുള്ള പരിസ്ഥിതി സംരക്ഷണ പരിപാടികൾ ഫലപ്രദമാകില്ല. അഞ്ചുനാട് എന്നറിയപ്പെടുന്ന മറയൂർ, കാന്തല്ലൂർ, വട്ടവട, കൊട്ടക്കാമ്പൂർ, കീഴാന്തൂർ പ്രദേശങ്ങളും ഭരണപരമായി മൂന്നാറിന്റെ ഭാഗമല്ലെങ്കിലും ഇതിന്റെ തുടർച്ചയാണ്. മുതിരപ്പുഴ, നല്ലതണ്ണി, കുണ്ടള എന്നീ മൂന്ന് ആറുകൾ കൂടിച്ചേരുന്ന മൂന്നാറിന്റെ ഏറ്റവും പ്രധാന പാരിസ്ഥിതിക പ്രാധാന്യം ഇത് പശ്ചിമഘട്ടത്തിന്റെ ഏറ്റവും വീതികൂടിയ ഭാഗമാണ് എന്നതാണ്. അതുകൊണ്ടുതന്നെ തമിഴ്നാട്ടിൽ നിന്നുള്ള ഒരു കാറ്റുപോലും കടന്നുവരാത്തതിനാൽ മൂന്നാറിലെ കാലാവസ്ഥ മാറാതെ നിൽക്കുന്നു. മൂന്നാറിലെ ഭൂമികയ്യേറ്റങ്ങളുമായി ബന്ധപ്പെട്ട വിഷയങ്ങളെ നിയമപരമായും സാങ്കേതികമായും മാത്രം സമീപിക്കുന്നതിലും ചില പ്രശ്നങ്ങളുണ്ട്. ചരിത്രപരമായ ചില പ്രശ്നങ്ങൾ കാണാതിരിക്കാൻ കഴിയില്ല. സ്വാതന്ത്ര്യലബ്ദിക്ക് ശേഷം സംസ്ഥാന രൂപീകരണവുമായി ബന്ധപ്പെട്ട ചർച്ചകൾ നടക്കുന്ന സമയത്ത് തമിഴ് പോപ്പുലേഷൻ കൂടുതലുള്ള ഒരു സ്ഥലമായിരുന്നു മൂന്നാർ. അക്കാരണത്താൽ തന്നെ സംസ്ഥാന വിഭജന സമയത്ത് മൂന്നാർ തമിഴ്നാടിന്റെ ഭാഗമായി മാറാൻ സാദ്ധ്യതയുണ്ടായിരുന്നു. അത് തടയുന്നതിന് വേണ്ടി കേരളത്തിലെ അന്നത്തെ ഭരണാധികാരികൾ സമതലങ്ങളിൽ നിന്നും കൂടുതൽ മലയാളികളെ കൊണ്ടുവന്ന് മൂന്നാറിൽ കുടിയിരുത്തുകയാണുണ്ടായത്. പട്ടം കോളനി എന്നുപറയുന്ന കോളനിയെല്ലാം അങ്ങനെയുണ്ടായതാണ്. 1950കളിൽ ഇത്തരത്തിൽ വ്യാപകമായി മൂന്നാറിൽ ഭൂമി പതിച്ചുകൊടുത്തിട്ടുണ്ട്. ഇതൊന്നും നടന്നത് ടാറ്റയുടെ കൈവശമുണ്ടായിരുന്ന കെ.ഡി.എച്ച് വില്ലേജിൽ ആയിരുന്നില്ല. അതിന് പുറത്തായിരുന്നു. 1961ൽ ലാൻഡ് അസൈൻമെന്റ് ആക്ട് വരുമ്പോഴേക്കും ഭൂമിക്ക് രേഖയില്ലാത്ത നിരവധി താമസക്കാർ മൂന്നാറിലുണ്ടായിരുന്നു. കൈവശരേഖ മാത്രമുണ്ടായിരുന്ന അവരിൽ പലർക്കും ഇപ്പോഴും പട്ടയം കിട്ടിയിട്ടില്ല എന്നത് ഒരു വസ്തുതയാണ്. അതേസമയം 90കൾക്ക് ശേഷം ഭൂമി കയ്യേറിയ പലരും പട്ടയം നേടിയെടുക്കുകയും ചെയ്തു. ഈ യാഥാർത്ഥ്യം നമ്മൾ പരിഗണിക്കേണ്ടതുണ്ട്.

തിരുവിതാംകൂർ രാജാവ് ഏലമലക്കാടുകൾ എന്ന് വിളിക്കുന്ന 334 ച.മൈൽ (2,13,720 ഏക്കർ) സ്ഥലം റിസർവ് ഫോറസ്റ്റാക്കി തന്നെയാണ് നിലനിർത്തിയിരുന്നത്. 1897ലെ രാജവിളംബരത്തിൽ 'റിസർവ്ഡ് ആസ് ഫോറസ്റ്റ്" എന്ന് വ്യക്തമായി പറഞ്ഞിട്ടുണ്ട്. അതിനുശേഷമാണ് ഏലം കൃഷിക്ക് മാത്രമായി ഈ സ്ഥലം പാട്ടത്തിന് കൊടുക്കുന്നത്. കേരള സംസ്ഥാന രൂപീകരണത്തിന് ശേഷവും അത് തുടർന്നു.

സർക്കാർ നയത്തിന്റെ ഭാഗമായി ഹൈറേഞ്ചുകളിൽ കുടിയിരുത്തപ്പെട്ടവരെ റഗുലറൈസ് ചെയ്യുക എന്നത് പിൽക്കാലത്ത് സർക്കാരിന്റെ തന്നെ ഒരു ആവശ്യമായി വന്നു. ഇത്തരത്തിൽ ഭൂമിക്ക് പട്ടയം ലഭിക്കാത്തവരുടെ പ്രശ്നങ്ങൾ പഠിക്കുന്നതിനായി സർക്കാർ ഒരു കമ്മീഷനെ നിയോഗിച്ചു – മണിയങ്ങാടൻ കമ്മീഷൻ. മണിയങ്ങാടൻ കമ്മീഷൻ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലാണ് 01.01.1977 ന് മുമ്പ് ഭൂമി സ്വായത്തമാക്കിയിരുന്നവരെ റെഗുലറൈസ് ചെയ്യാൻ 1992ൽ സർക്കാർ തീരുമാനിക്കുന്നത്. അങ്ങനെയാണ് 1993ൽ ലാൻഡ് അസൈൻമെന്റ് സ്പെഷ്യൽ റൂൾസ് വരുന്നതും അതുപ്രകാരം പട്ടയം കൊടുക്കുന്നതും. റെഗുലറൈസേഷൻ ഓഫ് ഒക്യുപേഷൻ പ്രയർ ടു 01.01.1977 എന്ന് 1993 ലെ ചട്ടത്തിൽ വ്യക്തമായി പറയുന്നുണ്ട്. കൃ

ഷിക്കോ, വീടുവയ്ക്കുന്നതിനോ, ചെറുകിട കടകൾ നിർമ്മിക്കുന്നതിനോ മാത്രമേ ഈ ഭൂമി ഉപയോഗിക്കാൻ പാടുള്ളൂ. 1980ൽ വന സംരക്ഷണ നിയമം നിലവിൽ വന്നതിനാൽ കേന്ദ്ര സർക്കാരിന്റെ അനുമതി നേടിയ ശേഷം മാത്രമേ വനഭൂമി വനേതര ആവശ്യങ്ങൾക്ക് പതിച്ചുകൊടുക്കാൻ പാടുള്ളൂ. അതുകൊണ്ടുതന്നെ വനമായി പരിഗണിക്കപ്പെടുന്ന സി.എച്ച്.ആർ പോലെയുള്ള പ്രദേശങ്ങളിൽ പട്ടയം വിതരണം നടത്തുന്നതിന് കേന്ദ്ര സർക്കാരിന്റെ അനുമതി വേണ്ടിവന്നു. 1995ൽ അനുമതി കൊടുക്കുമ്പോൾ കേന്ദ്ര മന്ത്രാലയം ചില വ്യവസ്ഥകൾ മുന്നോട്ടുവച്ചിരുന്നു. എത്ര സ്ഥലം വിട്ടുകൊടുക്കുന്നുണ്ടോ അതിന്റെ ഇരട്ടി ഡീഗ്രേഡഡ് വനം ഫോറസ്റ്റാക്കി മാറ്റി അത് റിപ്പോർട്ട് ചെയ്ത ശേഷം മാത്രമേ പട്ടയം കൊടുക്കാവൂ എന്നതായിരുന്നു പ്രധാന വ്യവസ്ഥ. അതൊന്നും പാലിക്കാതെയാണ് പട്ടയ മേളകൾ വഴി ഭൂമി പതിച്ചുനൽകിയത്. സർക്കാർ കൃത്രിമമായ കണക്കുണ്ടാക്കിയാണ് ഈ വ്യവസ്ഥ മറികടന്നത്. 1995ൽ ഗോദവർമ്മൻ തിരുമുൽപ്പാടിന്റെ കേസ് പരിഗണിക്കവെയാണ് വനം എന്നത് എന്താണെന്ന് ഇന്ത്യയിൽ ആദ്യമായി നിർവചിക്കപ്പെടുന്നത്. വനം എന്നതിന്റെ അർത്ഥങ്ങളായി ഡിക്ഷണറിയിൽ പറയുന്നതെല്ലാം വനമായി പരിഗണിക്കണം എന്നായിരുന്നു സുപ്രീംകോടതി പറഞ്ഞത്. ഇത്തരത്തിൽ വനഭൂമിയായി കണക്കാക്കാവുന്ന പ്രദേശങ്ങൾ കണ്ടെത്താൻ എല്ലാ സംസ്ഥാനങ്ങൾക്കും കോടതി നിർദ്ദേശം നൽകുകയും ചെയ്തു. അതനുസരിച്ചാണ് 1997ൽ ഐ.എഫ്.എസ് ഉദ്യോഗസ്ഥനായ വള്ളിയൂർ ഗോപിനാഥൻ അദ്ധ്യക്ഷനായ ഒരു സമിതിയെ കേരളം നിയോഗിക്കുന്നത്. ഗോപിനാഥൻ കമ്മിറ്റി കണ്ടെത്തിയ വനഭൂമിയെല്ലാം കേരള സർക്കാർ വനമായി നിശ്ചയിക്കുകയും സുപ്രീംകോടതിയിൽ സത്യവാങ്മൂലം നൽകി ഉറപ്പിക്കുകയും ചെയ്തിട്ടുണ്ട്. കെ.ഡി.എച്ച് വില്ലേജ്, കാർഡമം ഹിൽ റിസർവ്, ചിന്നക്കനാൽ അൺറിസർവ്, പള്ളിവാസൽ അൺറിസർവ് തുടങ്ങിയ മൂന്നാർ ഫോറസ്റ്റ് ഡിവിഷന്റെ ഭാഗങ്ങളെല്ലാം ഇത്തരത്തിൽ ഉറപ്പാക്കിയ സ്ഥലങ്ങളാണ്. അതുകൊണ്ടുതന്നെ ഇവിടെ നടക്കുന്ന കയ്യേറ്റങ്ങൾ 1980 ലെ വന സംരക്ഷണ നിയമത്തിന്റെ ലംഘനമായി തന്നെ പരിഗണിക്കണം.

ഫോറസ്റ്റ് മാനേജ്മെന്റിന് ഒരു വർക്കിംഗ് പ്ലാൻ വേണം എന്നാണ് നിയമം അനുശാസിക്കുന്നത്. ഓരോ ഫോറസ്റ്റ് ഡിവിഷനും ഡിവിഷണൽ തലത്തിൽ വർക്കിംഗ് പ്ലാനുകൾ തയ്യാറാക്കി അതിന് കേന്ദ്ര മന്ത്രാലയത്തിന്റെ അംഗീകാരം തേടേണ്ടതുണ്ട്. 1973 മുതൽ 2020 വരെ തയ്യാറാക്കിയ മൂന്നാർ ഫോറസ്റ്റ് ഡിവിഷൻ തയ്യാറാക്കുന്ന വർക്കിംഗ് പ്ലാനിൽ സി.എച്ച്. ആറും കെ.ഡി.എച്ച് വില്ലേജും, ചിന്നക്കനാൽ അൺറിസർവും, പള്ളിവാസൽ അൺറിസർവും അഞ്ചുനാട് വില്ലേജുമെല്ലാം വനത്തിന്റെ ഭാഗമായാണ് പരിഗണിച്ചിരിക്കുന്നത്. എല്ലാ പത്ത് വർഷത്തിലും ഈ പ്രദേശത്ത് നടത്തേണ്ട പ്രവർത്തനങ്ങളുടെ പ്ലാൻ ആണത്. ഇതിനർത്ഥം ഈ പ്രദേശങ്ങളുടെ ഭരണപരമായ ചുമതല വനംവകുപ്പിനാണ് എന്നാണ്. എന്നാൽ ഈ പ്രദേശങ്ങൾ മുഴുവൻ വനമായി വിജ്ഞാപനം ചെയ്യാത്തതിനാൽ വന നിയമങ്ങൾ ഇവിടെ പ്രാവർത്തികമാക്കാൻ കഴിയില്ല. അതുകൊണ്ടുതന്നെ മൂന്നാർ വനം ഡിവിഷന്റെ പരിധിയിലുള്ള ഉദ്യോഗസ്ഥരും ജീവനക്കാരും ഇവിടെ വനമായി വിജ്ഞാപനം ചെയ്ത നാഷണൽ പാർക്കുകളുടെയും സാങ്ചറികളുടെയും റിസർവ് വനങ്ങളുടെയും ചുമതല മാത്രമേ നോക്കാറുള്ളൂ. എന്റെ അഭിപ്രായത്തിൽ, മൂന്നാറിന്റെ പാരിസ്ഥിതിക പ്രാധാന്യം കണക്കിലെടുത്ത് ഈ പ്രദേശങ്ങളെല്ലാം വനസംരക്ഷണ നിയമത്തിന്റെ പരിധിയിൽ കൊണ്ടുവരുകയും മൂന്നാർ ഫോറസ്റ്റ് ഡിവിഷന് അതിന്റെ ഭരണപരമായ ചുമതല നൽകുകയും വേണം. റവന്യൂവകുപ്പ് ഉദ്യോഗസ്ഥർ, അത് സി.പി.ഐ ഭരിച്ചാലും കോൺഗ്രസ് ഭരിച്ചാലും, എല്ലാക്കാലത്തും പലവിധ സ്വാധീനങ്ങൾക്ക് വഴങ്ങിക്കൊടുക്കുന്നതുകൊണ്ട് കൂടിയാണ് വനംവകുപ്പിന് ഈ പ്രദേശത്തിന്റെ ഭരണപരമായ

മൂന്നാറിന്റെ പാരിസ്ഥിതിക പ്രാധാന്യം കണക്കിലെടുത്ത് ഈ പ്രദേശങ്ങളെല്ലാം വനസംരക്ഷണ നിയമത്തിന്റെ പരിധിയിൽ കൊണ്ടുവരുകയും മൂന്നാർ ഫോറസ്റ്റ് ഡിവിഷന് അതിന്റെ ഭരണപരമായ ചുമതല നൽകുകയും വേണം. റവന്യൂവകുപ്പ് ഉദ്യോഗസ്ഥർ, അത് സി.പി.ഐ ഭരിച്ചാലും കോൺഗ്രസ് ഭരിച്ചാലും, എല്ലാക്കാലത്തും പലവിധ സ്വാധീനങ്ങൾക്ക് വഴങ്ങിക്കൊടുക്കുന്നതുകൊണ്ട് കൂടിയാണ് വനംവകുപ്പിന് ഈ പ്രദേശത്തിന്റെ ഭരണപരമായ ചുമതല ഏൽപ്പിക്കണം എന്ന് പറയുന്നത്.

ചുമതല ഏൽപ്പിക്കണം എന്ന് പറയുന്നത്.
**ജിയോ ജോസ്:** ടോണിയും ഹരീഷും പറയുന്നതിൽ ചില പ്രശ്നങ്ങൾ എനിക്ക് തോന്നുന്നുണ്ട്. വൻകിട കയ്യേറ്റങ്ങളും ചെറുകിട കയ്യേറ്റങ്ങളും ഇവിടെ നടക്കുന്നുണ്ടല്ലോ. രണ്ടിനോടുമുള്ള സമീപനം ഒന്നുതന്നെയാകണോ? അത് എതിർപ്പുണ്ടാക്കില്ലേ? അങ്ങനെയാണെങ്കിൽ മൂന്നാറിലെ കയ്യേറ്റങ്ങളുടെ കാര്യത്തിൽ എന്താണ് പ്രായോഗികമായ സമീപനം? ടാറ്റ അവിടെയുള്ളതുകൊണ്ടാണ് മൂന്നാർ ഇങ്ങനെ നിൽക്കുന്നതെന്നും അല്ലെങ്കിൽ അവിടെയെല്ലാം കെട്ടിടങ്ങൾ നിറയുമായിരുന്നു എന്നും വാദിക്കുന്നവരുമുണ്ട്. ഈ വാദത്തെ നമ്മൾ എങ്ങനെയാണ് പരിഗണിക്കേണ്ടത്?
**അഡ്വ. ഹരീഷ്:** നിയമപരമായ കാര്യമാണ് ഞാൻ പറയുന്നത്. നിമയത്തിന്റെ വഴിയിലൂടെ നോക്കിയാൽ ഇത് വനമാണ്. അതുപറഞ്ഞുകൊണ്ട് എല്ലാവരും അവിടെ നിന്നും ഇറങ്ങിപ്പോകണം എന്നൊരു നിലപാട് നമുക്ക് എടുക്കാൻ കഴിയില്ലല്ലോ. വനസംരക്ഷണ നിയമം നിലവിൽ വന്ന 1980ന് ശേഷം വനം വനേതര ആവശ്യത്തിന് ഉപയോഗിച്ചിട്ടുണ്ടെങ്കിൽ നിയമപരമായി അത് തെറ്റാണ്. അതിനെതിരെ നടപടി സ്വീകരിക്കണം. അതേസമയം 01.01.1977ന് മുമ്പ് ഭൂമി കൈവശമുള്ള കുടിയേറ്റക്കാർക്ക് പട്ടയം കൊടുത്തേ തീരൂ. സി.എച്ച്.ആറിൽ 1993ൽ ഉണ്ടാക്കിയ ചട്ടപ്രകാരമല്ലാതെ പട്ടയം കൊടുക്കരുത്. പട്ടയം എന്ന് പരാതിപ്പെടുന്നവരുടെ പല കേസുകളും ഞാൻ പരിശോധിച്ചിട്ടുണ്ട്. ബഹുഭൂരിപക്ഷം കേസുകളും സത്യസന്ധമാണ്. വ്യാജരേഖകളുണ്ടാക്കി ഭൂമി കൈവശപ്പെടുത്താൻ ശ്രമിക്കുന്നവർ 10 ശതമാനം മാത്രമാണ്. അവർക്കെതിരെ നടപടി സ്വീകരിച്ചേ മതിയാകൂ. 1980ന് ശേഷം നടന്ന കയ്യേറ്റങ്ങളെല്ലാം ഒഴിപ്പിക്കണം എന്നു പറയുമ്പോഴും പ്രശ്നമുണ്ട്. ഇപ്പോൾ 37 വർഷം പിന്നിട്ടിരിക്കുന്നു. അത്രയും വർഷം ആ ഭൂമിയിൽ താമസിക്കുന്നവരെ ഒഴിപ്പിക്കാൻ ശ്രമിച്ചാൽ അതിന്റെ സാമൂഹിക പ്രത്യഘാതങ്ങൾ വലുതായിരിക്കും. അതെല്ലാം പരിഗണിച്ചുകൊണ്ടുള്ള പ്രശ്നപരിഹാരമാണ് വേണ്ടത്. വീടുവയ്ക്കുന്നതിനും കൃഷി ചെയ്യുന്നതിനും മാത്രം കൊടുത്ത പട്ടയങ്ങളുണ്ട്. അതിന്റെ മറവിൽ ആ ഭൂമിയിൽ റിസോർട്ട് വന്നിട്ടുണ്ടെങ്കിൽ അവയ്ക്കെതിരെ നടപടിയെടുക്കണം. എനിക്ക് തോന്നുന്നത്, ആദ്യം അനധികൃത കയ്യേറ്റങ്ങളെല്ലാം കണ്ടെത്തി ആ ഭൂമി മുഴുവൻ സർക്കാർ അസൈൻ ചെയ്യണം. എന്നിട്ട് വ്യക്തിപരമായ ഓരോ ക്ലെയിമുകളും പരിശോധിച്ച്, എല്ലാ സാമൂഹികവശങ്ങളും പരിഗണിച്ച് അത് സെറ്റിൽ ചെയ്യണം. മൂന്നാറിന്റെ പാരിസ്ഥിതിക സവിശേഷതകൾ കണക്കിലെടുത്തുകൊണ്ടുള്ള ഭൂവിതരണ രീതിയാണ് ആവിഷ്കരിക്കേണ്ടത്. അഞ്ച് സെന്റുകാരനെ ഒഴിപ്പിക്കണോ വേണ്ടയോ എന്ന ചോദ്യമല്ല ഞാൻ അഡ്രസ്സ് ചെയ്യാൻ ശ്രമിക്കുന്നത്. പട്ടയം എന്ന പേരിൽ നിങ്ങൾ കൈവശം വച്ചിരിക്കുന്ന കടലാസ് വ്യാജമാണോ എന്നതാണ് ചോദ്യം. അഞ്ച് സെന്റിൽ താഴെയാണോ എന്ന പരിഗണന വച്ച് അത് റഗുലറൈസ് ചെയ്താൽ ശിവകാശിയിൽ അച്ചടിച്ച എല്ലാ വ്യാജ പട്ടയങ്ങളും റഗുലറൈസ് ചെയ്യേണ്ടി വരും. വ്യാജ രേഖ വ്യാജ രേഖയായി തന്നെ പരിഗണിച്ച് നടപടിയെടുക്കണം. നിയമവിരുദ്ധമായ ഒരു പ്രവർത്തി അവിടെ നടന്നിട്ടുണ്ട്. അത് ചെയ്ത ഉദ്യോഗസ്ഥർ ശിക്ഷിക്കപ്പെടണം. വ്യാജ പട്ടയം സംഘടിപ്പിക്കുന്നവർക്ക് എന്തുകൊണ്ടാണ് ശരിയായ വഴിയിലൂടെ മാർഗ്ഗത്തിലൂടെ പട്ടയം നേടാൻ കഴിയാത്തത്, എന്താണ് അതിന് തടസ്സം എന്ന് അന്വേഷിക്കേണ്ടതുണ്ട്. ജനാധിപത്യത്തിൽ എല്ലാ നിയമങ്ങളും വരുന്നത് അതുവരെ നടന്ന എല്ലാ ഇടപാടുകളെയും റഗുലറൈസ് ചെയ്തുകൊണ്ടാണ്. ഒരു കട്ട് ഓഫ് ഡേറ്റ് അവിടെയുണ്ടാകും. ആ കട്ട് ഓഫ് ഡേറ്റ് കൃത്യമായി പാലിച്ചാൽ ചില പ്രശ്നങ്ങളുണ്ടാകും. 01.01.1977ന് ശേഷമുള്ള കയ്യേറ്റങ്ങൾ നിയമവിരുദ്ധമാണെന്ന് പറയുമ്പോഴും ഈ പ്രശ്നമുണ്ടാകുന്നുണ്ട്. അതുകൊണ്ടുതന്നെ 30 വർഷത്തിലേറെയായി അവിടെ താമസിക്കുന്നവരെയും പുതിയ കയ്യേറ്റക്കാരെയും പ്രത്യേകം പരിഗണിക്കേണ്ടിവരും.
**ഇ. കുഞ്ഞികൃഷ്ണൻ:** മൂന്നാറിന്റെ കാര്യത്തിൽ പരിസ്ഥിതിക്ക് മുൻഗണന നൽകുന്ന ചർച്ചകളാണ് ഇപ്പോൾ നടക്കേണ്ടത്. മൂന്ന് നദികളുടെ (മുതിരപ്പുഴ, നല്ലതണ്ണി, കുണ്ടള) സംഗമസ്ഥാനമായ മൂന്നാറിന് അത്രയും പാരിസ്ഥിതിക പ്രാധാന്യമുണ്ട്. പെരിയാറിന്റെ അതിജീവനവുമായി ബന്ധപ്പെടുത്തിക്കൊണ്ടുതന്നെ മൂന്നാറിനെ നമ്മൾ മനസ്സിലാക്കേണ്ടതുണ്ട്. പെരിയാറിന്റെ ഒഴുക്കിനെ നിർണ്ണയിക്കുന്ന വളരെ പ്രധാനപ്പെട്ട ഒരു കൈവഴിയാണ് ആനമുടി മലകളിലെ ചോലക്കാടുകളിൽ നിന്നും ഒഴുകിയെത്തുന്ന മുതിരപ്പുഴയാർ. മൂന്നാറിൽ കയ്യേറ്റങ്ങൾ വ്യാപകമായിത്തുടങ്ങിയതോടെ മുതിരപ്പുഴയുടെ സ്ഥിതി അതിദയനീയമായിത്തീർന്നു. ആനമുടിയിലെ ചോലപ്പുൽമേടുകളിൽ നിന്നും

*➾ മൂന്നാറിലെ കയ്യേറ്റങ്ങളെല്ലാം 1977ന് ശേഷം വന്നതാണ് ആ റിപ്പോർട്ട് വ്യക്തമാക്കുന്നുണ്ട് ➾*




ആദ്യം വന്നത് 2004ൽ രാജൻ മധേക്കർ റിപ്പോർട്ടാണ്. മൂവായിരത്തോളം വ്യാജപട്ടയങ്ങൾ സി.എച്ച്.ആറിലും മൂന്നാറിലും ഉണ്ടെന്നാണ് കമ്മിറ്റി കണ്ടെത്തിയത്. കയ്യേറ്റക്കാരുടെയും അതിന് കൂട്ടുനിന്ന റവന്യൂ ഉദ്യോഗസ്ഥരുടെയും പേരുകൾ സഹിതം റിപ്പോർട്ടിൽ കൊടുത്തിരുന്നു. മുൻ എം.പി. വക്കച്ചൻ മറ്റത്തിൽ അടക്കമുള്ളവരുടെ പേരുകൾ അതിലുണ്ടായിരുന്നു.

ഇടമലയാറിലേക്കും നീരാറിലേക്കും പാമ്പാറിലേക്കും എല്ലാം വെള്ളവുമായിപ്പോകുന്ന നീർച്ചോലകളും വരണ്ടുകൊണ്ടിരിക്കുകയാണ്. ചോലവനങ്ങളുടെ നാശമാണ് ഇതിന് പ്രധാന കാരണം. തേയിലയും യൂക്കാലിയും റിസോർട്ടുകളുമൊക്കെയായി മാറിക്കൊണ്ടിരിക്കുന്നത് ആനമുടിയുടെ തുടർച്ചയായ ചോലവനങ്ങളും പുൽമേടുകളുമാണ്. ടാറ്റയ്ക്ക് കൊടുത്ത 57,000 ഏക്കറിൽ 16,000 ഓളം ഏക്കർ യൂക്കാലിയാണ്. ചായത്തോട്ടമായാലും യൂക്കാലിത്തോട്ടമായാലും പാരിസ്ഥിതിനാശം അങ്ങേയറ്റമാണ്. ഇനിയും ചോലവനങ്ങളും പുൽമേടുകളും തെളിച്ചാൽ മൂന്നാറിന്റെ കാലവസ്ഥയും മാറും കുടിവെള്ളവും മുട്ടും. അതുകൊണ്ട് അത് അനുവദിക്കാൻ പാടില്ല. ബ്രിട്ടീഷ് പ്ലാന്റർമാർ അന്ന് മാങ്കുളം ഭാഗത്ത് തേയില നടാതിരുന്നത് ചോലവനങ്ങളുടെ ഈ പാരിസ്ഥിതിക പ്രാധാന്യം കണക്കിലെടുത്താണ്. ആ മാങ്കുളത്ത് പോലും ഇന്ന് കയ്യേറ്റങ്ങൾ വ്യാപകമാണ്. മാങ്കുളത്തെ കയ്യേറ്റങ്ങൾ തടയാൻ ശ്രമിച്ച വനം വകുപ്പ് ഉദ്യോഗസ്ഥരെയെല്ലാം അവിടെ നിന്നും മാറ്റി. ഇത് അവസാനിപ്പിക്കണം. ടാറ്റയുടെ കൈയിൽ നിന്നും ഭൂമി ഏറ്റെടുക്കണം എന്ന വാദം ഞാൻ അംഗീകരിക്കുന്നു. അങ്ങനെയാണെങ്കിൽ അത് വനമായി നിലനിർത്തണം.

**സന്തോഷ് കുമാർ:** 1971ൽ കണ്ണൻ ദേവൻ ഭൂമി തിരിച്ചുപിടിക്കുന്നതിനുള്ള നിയമം വന്നെങ്കിലും 74ൽ ആണ് ലാൻഡ് ബോർഡ് അവാർഡ് വഴി 57,000 ഏക്കർ ഭൂമി കണ്ണൻ ദേവൻ ഹിൽസ് പ്രൊഡ്യൂസ് കമ്പനിക്ക് കൈമാറുന്നത്. എന്നാൽ 1977ൽ ആണ് കണ്ണൻ ദേവൻ കമ്പനി ടാറ്റ ഫിൻലേ ലിമിറ്റഡ് എന്ന കമ്പനിക്ക് ഈ തോട്ടങ്ങൾ കൈമാറുന്നത്. ദേവികുളം സബ്രജിസ്ട്രാർ ഓഫീസിൽ നടന്ന ഈ ഇടപാടിന്റെ രേഖകൾ പരിശോധിച്ചാൽ 97,000 ഏക്കർ ഭൂമി കൈമാറി എന്നാണ് അതിൽ രേഖപ്പെടുത്തിയിരിക്കുന്നത്. ലാൻഡ് ബോർഡ് അവാർഡ് വഴി കമ്പനിക്ക് ലഭിച്ച 57,000 ഏക്കറാണെങ്കിൽ 97,000 ഏക്കർ ഭൂമിയായി അത് മാറിയത് എങ്ങനെയാണ്? അനുവദിച്ച ഭൂമിയിൽ കൂടുതൽ ടാറ്റ കൈവശം വയ്ക്കുന്നതിന് തെളിവായി പരിഗണിച്ച് വിജിലൻസ് ഇക്കാര്യത്തിൽ കേസെടുത്തിട്ടുണ്ട്. ഒമ്പത് എഫ്.ഐ.ആർ ആണ് ഇട്ടിരിക്കുന്നത്. ആ ആധാരവും അനുബന്ധ രേഖകളും ഇപ്പോൾ വിജിലൻസിന്റെ കൈവശമാണ്. അനുവദിച്ചതിനേക്കാൾ കൂടുതൽ ഭൂമി ടാറ്റ കൈവശം വയ്ക്കുന്നുണ്ടോ എന്ന് ഉറപ്പുവരുത്തേണ്ടത് അതുകൊണ്ടാണ്. ടാറ്റയുടെ ഭൂമിയിൽ അടിയന്തരമായി സർവ്വെ നടത്തുകയാണ് വേണ്ടത്. സർവ്വെ നടത്താൻ ടാറ്റ ഒരിക്കലും സമ്മതിക്കാറില്ല. എന്തുകൊണ്ടാണ് അവർ സർവ്വെയെ ഭയക്കുന്നത്? ഉടൻ സർവ്വെ നടത്തുകയും അനധികൃതമായി അവർ കൈവശം വച്ചിരിക്കുന്ന ഭൂമി തിരിച്ചുപിടിക്കുകയും വേണം.

**എസ്.പി. രവി:** മൂന്നാറിലെ ഭൂമി കയ്യേറ്റങ്ങൾ കണ്ടെത്തുന്നതിനായി ഒരുപാട് കമ്മിറ്റികൾ നിയോഗിക്കപ്പെട്ടിട്ടുണ്ടല്ലോ. ഈ കമ്മിറ്റി റിപ്പോർട്ടുകളുടെ സ്ഥിതി എന്താണ്? അവരുടെ കണ്ടെത്തലുകൾ എന്തെല്ലാമായി

രുന്നു?

**അഡ്വ. ഹരീഷ്:** ആദ്യം വന്നത് 2004ൽ രാജൻ മധേക്കർ റിപ്പോർട്ടാണ്. മൂവായിരത്തോളം വ്യാജപട്ടയങ്ങൾ സി.എച്ച്.ആറിലും മൂന്നാറിലും ഉണ്ടെന്നാണ് കമ്മിറ്റി കണ്ടെത്തിയത്. കയ്യേറ്റക്കാരുടെയും അതിന് കൂട്ടുനിന്ന റവന്യൂ ഉദ്യോഗസ്ഥരുടെയും പേരുകൾ സഹിതം റിപ്പോർട്ടിൽ കൊടുത്തിരുന്നു. മുൻ എം.പി. വക്കച്ചൻ മറ്റത്തിൽ അടക്കമുള്ളവരുടെ പേരുകൾ അതിലുണ്ടായിരുന്നു. അതുകൊണ്ടുതന്നെ ഒരു നടപടിയും ഈ റിപ്പോർട്ടിന് മേലുണ്ടായില്ല. രാജൻ മധേക്കർ ഇന്റലിജൻസ് എ.ഡി.ജി.പി ആയിരിക്കെ സമർപ്പിച്ച റിപ്പോർട്ടായതിനാൽ തന്നെ അതിൽ തുടർ നടപടികളെടുക്കാൻ സർക്കാർ ബാദ്ധ്യസ്ഥമായിരുന്നില്ല. അതിന് ശേഷം വന്നത് നിവേദിത.പി. ഹരൻ റിപ്പോർട്ടാണ്. കുറിഞ്ഞിമല സാങ്ചറിയിലെയും വട്ടവട, കൊട്ടക്കമ്പൂർ വില്ലേജുകളിലെയും കയ്യേറ്റങ്ങളാണ് റവന്യൂ പ്രിൻസിപ്പൽ സെക്രട്ടറിയായിരുന്ന നിവേദിത.പി. ഹരൻ അന്ന് പരിശോധിച്ചത്. 2014ൽ അവർ റിപ്പോർട്ട് സമർപ്പിക്കുകയും റിപ്പോർട്ട് സർക്കാർ അംഗീകരിക്കുകയും ചെയ്തതാണ്. എന്നിട്ടും തുടർനടപടികളൊന്നുമുണ്ടായില്ല. നിലവിലുള്ള നിയമങ്ങൾ മറികടന്ന് എങ്ങനെയാണ് ഓരോ പട്ടയവും കൊടുത്തിരിക്കുന്നതെന്ന് ഓരോ ഫയൽ നമ്പറും എടുത്തുപറഞ്ഞ് അവർ റിപ്പോർട്ടിൽ വിശദീകരിച്ചിരുന്നു.

2015 ഫെബ്രുവരിയിൽ ഒരു സർക്കാർ ഉത്തരവ് ഈ റിപ്പോർട്ടിനെ അടിസ്ഥാനപ്പെടുത്തി ഇറങ്ങുകയുണ്ടായി. വട്ടവട, കൊട്ടക്കമ്പൂർ മേഖലയിലെ ഭൂമികയ്യേറ്റങ്ങളെക്കുറിച്ച് വിജിലൻസ് അന്വേഷണം നടത്തണമെന്നും ഒരു മാസത്തിനുള്ളിൽ അന്വേഷണം പൂർത്തിയാക്കി റിപ്പോർട്ട് ലോകായുക്തയ്ക്ക് സമർപ്പിക്കണമെന്നുമാണ് റിപ്പോർട്ടിൽ പറഞ്ഞിരുന്നത്. ഇടുക്കി എം.പി. ജോയ്സ് ജോർജ്ജ് അടക്കം വ്യാജരേഖയിലൂടെ ഭൂമി കയ്യേറിയിരിക്കുന്ന സ്ഥലമാണ് കൊട്ടക്കമ്പൂർ. അതുകൊണ്ടുതന്നെ ഈ സർക്കാർ ഉത്തരവ് പിൻവലിപ്പിക്കാനുള്ള ശ്രമവും അണിയറയിൽ ഊർജ്ജിതമായി നടക്കുന്നുണ്ട്. മറ്റൊന്ന് സനൽകുമാർ കമ്മിറ്റി റിപ്പോർട്ടാണ്. ഇടുക്കിയിലെ കയ്യേറ്റങ്ങളെക്കുറിച്ച് ജനറലായി പറയുന്ന റിപ്പോർട്ടാണത്. മൂന്നാറിലെ കയ്യേറ്റങ്ങളെല്ലാം 1977ന് ശേഷം വന്നതാണ് ആ റിപ്പോർട്ട് വ്യക്തമാക്കുന്നുണ്ട്. ഒരു സർക്കാർ രേഖയുമില്ലാത്ത ഭൂമി പോലും വെബ്സൈറ്റ് വഴി കച്ചവടം ചെയ്തതിനുള്ള രേഖകൾ ഈ റിപ്പോർട്ട് പുറത്തുകൊണ്ടുവരുന്നുണ്ട്. ഈ റിപ്പോർട്ടുകളെല്ലാം നല്ല റിപ്പോർട്ടുകളാണ്. എന്നിട്ടും ഒരടി പോലും മുന്നോട്ടുപോകാൻ കഴിയുന്നില്ല.

**എസ്.പി. രവി:** നമുക്ക് ചില ആവശ്യങ്ങൾ വ്യക്തമായി മുന്നോട്ടുവയ്ക്കേണ്ടിവരും. മൂന്നാറിലെ അനധികൃത കയ്യേറ്റങ്ങൾ ഒഴിപ്പിച്ച് ആ ഭൂമിയെല്ലം വനഭൂമിയായി പരിഗണിച്ചുകൊണ്ട് സംരക്ഷിക്കാം എന്നതാണ് ഇപ്പോൾ മുന്നോട്ടുവയ്ക്കേണ്ട പ്രധാന ആവശ്യം. അതുപോലെ, 01.01.1977ന് മുമ്പുള്ളതായി സർക്കാർ കണ്ടെത്തിയിരിക്കുന്ന കയ്യേറ്റങ്ങളുടെ ലിസ്റ്റ് അടിയന്തിരമായി പ്രസിദ്ധീകരിക്കണം. ടാറ്റ കൈവശം വച്ചിരിക്കുന്ന ഭൂമിയിൽ ഉടൻ സർവ്വെ നടത്തുകയും അധികം ഭൂമിയുള്ളതായി കണ്ടെത്തിയാൽ അത് തിരികെ പിടിക്കുകയും വേണം.

**അഡ്വ. ഹരീഷ്:** ടാറ്റയുടെ മാത്രമല്ല, വിവാദങ്ങളിൽ പെട്ടുകിടക്കുന്ന എല്ലാ ഭൂമിയിലും സർവ്വെ നടത്തണം. ആറ് മാസത്തിനുള്ളിൽ സർവ്വെ നടപടികൾ പൂർത്തിയാക്കണം.

**എസ്.പി. രവി:** അതുപോലെ, മൂന്നാറിലെ ഭൂമി കയ്യേറ്റങ്ങളെക്കുറിച്ച് വ്യക്തമാക്കിയിട്ടുള്ള എല്ലാ റിപ്പോർട്ടുകളുടെയും മേലുണ്ടായ നടപടികളെ സംബന്ധിച്ച വിവരങ്ങൾ സർക്കാർ ഉടൻ പ്രസിദ്ധീകരിക്കണം. ആ റിപ്പോർട്ടിൽ പറയുന്ന, നിയമവിരുദ്ധ പ്രവർത്തനങ്ങൾക്ക് കൂട്ടുനിന്ന എല്ലാ ഉദ്യോഗസ്ഥർക്കെതിരെയും ക്രിമിനൽ നടപടികൾ കൈക്കൊള്ളണം. ■


**സംസ്ഥാന കൺവെൻഷൻ**

**ഉന്നതവിദ്യാഭ്യാസ മേഖലയിലെ സംവരണവും സാമൂഹികനീതിയും**

**2017 ജൂലായ് 28**

**നളന്ദ, കോഴിക്കോട്**

**ഉദ്ഘാടനം: ജിഗ്നേഷ് മേവാനി**

**വിഷയാവതരണം: ഒ.പി. രവീന്ദ്രൻ**

**ഫസൽ ഗഫൂർ, കെ.കെ. രമ, എം. ഗീതാനന്ദൻ, സണ്ണി എം. കപിക്കാട്, ഡോ. ആസാദ്... പങ്കെടുക്കുന്നു**

**സണ്ണി എം. കപിക്കാടിന്റെ ആദ്യ പുസ്തകം**

**'ദളിത് തത്വചിന്തയുടെ നൂറ് വർണ്ണങ്ങൾ'**

**ഈ വേദിയിൽ പ്രകാശനം ചെയ്യുന്നു.**

ഭൂഅധികാര സംരക്ഷണ സമിതി

9048159590